(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ/ഐ.ഡി.കെ-7/78/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ല ഓഡിറ്റ് കാര്യാലയം,ഇടുക്കി
തീയതി:23.01.2017
doidk.ksad@kerala.gov.in

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുമാരമംഗലം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കുമാരമംഗലം ഗ്രാമപഞ്ചായത്ത് -2015-16ലെ ഓഡിറ്റ് റിപ്പോർട്ട് -സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുമാരമംഗലം ഗ്രാമപഞ്ചായത്തിന്റെ 2015-16ലെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-1 ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ 3-1, 3-2, 3-3, 3-6 ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി
3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-ഐ.ഡി.കെ-7/78/2017

തീയതി:23.01.2017

**ഇടുക്കി ജില്ലയിലെ കുമാരമംഗലം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.**

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ കുമാരമംഗലം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 17.08.2015 മുതൽ 31.12.2016 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 4 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി സിനി എം വി, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 03.01.2017 മുതൽ 07.01.2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. കെ.കെ വിനോദ്, ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. സുസാനിയാമ്മ തോമസ്, ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. മരുൺ മാത്യു, അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീ. മേജോ കെ ജോർജ്ജ്, സീ. ഗ്രേ ഓഡിറ്റർ |
| | ശ്രീ. സാമുവൽ രാജ് ആർ, സി. ഗ്രേ ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. ഷൈലജ ബാലകൃഷ്ണൻ നായർ | 01.04.2015മുതൽ 31.10.2015 വരെ |
| | ഭരണ നിർവ്വഹണ കമ്മറ്റി | 01.11.2015 മുതൽ 17.11.2015 വരെ |
| | ശ്രീ. നിസാർ പാഴേരി | 18.11.2015 മുതൽ 31.03.2016 വരെ |
| സെക്രട്ടറി | ശ്രീ.എം സുരേഷ് | 01.04.2015 മുതൽ 31.03.2016വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ. സജു ആർ | 01.04.2015 മുതൽ 31.03.2016 വരെ |
| കൃഷി ഓഫീസർ | ശ്രീ. സിറിയക്ക് ജോൺ | 01.04.2015മുതൽ 31.03.2016 വരെ |
| വി.ഇ.ഒ | ശ്രീ. സജിത എ ഇ | 01.04.2015മുതൽ 06.10.2015 വരെ |
| | ശ്രീമതി ശാലിനി വി എസ് | 07.10.2015മുതൽ 01.12.2015 വരെ |
| | ശ്രീ. ശ്രീകുമാർ വി ജി | 02.12.2015മുതൽ 13.12.2015 വരെ |
| | ശ്രീമതി മഞ്ജു ടി ജി | 14.12.2015മുതൽ 12.01.2016 വരെ |
| | ശ്രീ.ജയരാജ് എം നായർ | 13.01.2016 മുതൽ 31.03.2016 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.സരസ്വതി ആർ | 01.04.2015മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ | ഡോ. ജയജീന ജെ | 01.04.2015മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ഡോ.ജോസഫ് പി മോസസ് | 01.04.2015മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.ബക്കർ | 01.04.2015മുതൽ 31.03.2016 വരെ |
| വെറ്ററിനറി സർജൻ | ഡോ. അനീറ്റ ജോർജ്ജ് | 01.04.2015മുതൽ 31.03.2016 |

| | | |
|---|---|---|
| | | വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ. ബിജോയ് ജോൺ | 01.04.2015മുതൽ 31.03.2016 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം 1 | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 |

| | | |
|---|---|---|
| | ഭാഗം 2 | |
| 13 | വസ്തു നികുതി പിരിച്ചെടുക്കാത്തത് സംബന്ധിച്ച് | 2-1 |
| 14 | വസ്തു നികുതി പിരിച്ചെടുക്കുന്നതിൽ വീഴ്ച | 2-2 |
| | ഭാഗം 3 | |
| 15 | വാട്ടർ അതോറിറ്റിയ്ക്ക് പഞ്ചായത്ത്സ്ഥലം വാങ്ങി നല്കിയത് | 3-1 |
| 16 | കുടുംബശ്രീ യൂണിറ്റിന് ഫോട്ടോസ്റ്റാറ്റ് മെഷിൻ വാങ്ങി നല്കിയത് | 3-2 |
| 17 | ഹോമിയോ ഡിസ്പൻസറിക്ക് മരുന്ന് വാങ്ങൽ -തുക കൈമാറി നാളുകൾ കഴിഞ്ഞിട്ടും വിതരണ ഏജൻസി ഔഷധങ്ങൾ ലഭ്യമാക്കിയിട്ടില്ല. | 3-3 |
| 18 | വിനിയോഗ സാക്ഷ്യപത്രങ്ങൾ ഹാജരാക്കിയില്ല.ചെലവ് - തടസ്സം 65,000/ | 3-4 |
| 19 | ചെലവ് തടസ്സപ്പെടുത്തുന്നു | 3-5 |
| 20 | വെള്ളക്കരം ഒടുക്കൽ --സംയുക്തപരിശോധന നടത്തുന്നില്ല | 3-6 |
| 21 | തെരുവ് വിളക്കുകൾ സംബന്ധിച്ച് - | 3-7 |
| 22 | മീഡിയാശ്രീക്ക് തുക നൽകിയത് പദ്ധതി പൂർത്തീകരിച്ചിട്ടില്ല. ₹65000/- ന്റെ ചെലവ് തടസ്സം | 3-8 |
| 23 | ഡെപ്പോസിറ്റ് വർക്ക് നാളിതുവരെ പൂർത്തീകരിച്ചില്ല. | 3-9 |
| | ഭാഗം 4 | |
| 24 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിവരം | 4-1 |
| 25 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകളുടെ വിവരം | 4-2 |
| 26 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |

| | | |
|---|---|---|
| 27 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 28 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 29 | ഓഡിറ്റ് റിക്കവറി | 4-6 |
| 30 | സമാഹൃത ഓഡിറ്റിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 31 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 32 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-9 |
| | അനുബന്ധം | |
| 33 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 27.03.2015ലെ കമ്മറ്റിയിൽ അവതരിപ്പിച്ച് അംഗീകരിച്ചിട്ടുണ്ട്. 27.02.2015 ലെ സ.ഉ (സാധാ).40/2015/ത.സ്വ.ഭ.വ ഉത്തരവിൽ നിഷ്കർഷിച്ചിരിക്കുന്ന മാതൃകയിലാണ് ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്. 23.03.2015 ലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. ഭാവിയിൽ ബജറ്റ് തയ്യാറാക്കുമ്പോൾ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 214-ാം വകുപ്പിൽ നിഷ്കർഷിച്ചിട്ടുള്ള നടപടിക്രമങ്ങൾ പാലിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2016 | 28.07.2016 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം 1 ആയി നൽകിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,81,56,524.00 |
| വരവ് | 2,13,84,554.00 |

| | |
|---|---|
| ആകെ | 3,95,41,078.00 |
| ചെലവ് | 3,46,21,576.00 |
| നീക്കിയിരിപ്പ് | 49,19,502.00 |

## 1-5 ഫണ്ട് വിനിയോഗം

ഗ്രാമപഞ്ചായത്തിന് അനുവദിച്ച ബജറ്റ് വിഹിതം, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, ട്രഷറി പത്രിക, വാർഷിക കണക്കുകൾ എന്നിവ പരിശോധിച്ച പ്രകാരം ഗ്രാമപഞ്ചായത്തിന് 2015-16 ൽ ലഭ്യമായ വിവിധ ഫണ്ടുകൾ, അവയുടെ ചെലവ് വിവരങ്ങൾ എന്നിവ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | മുൻബാക്കി | ലഭ്യമായ ഫണ്ട് | ആകെ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 24,92,427 | 90,41,834 | 1,15,34,261 | 65,77,951 | 57.03 |
| വികസനഫണ്ട് എസ്.സി.പി. | 19,48,645 | 16,05,000 | 35,53,645 | 27,11,035 | 76.29 |
| വികസനഫണ്ട് ടി.എസ്.പി. | 83,401 | 33,000 | 1,16,401 | 65,000 | 55.84 |
| സംരക്ഷണഗ്രാന്റ് റോഡ് | 22,91,018 | 50,62,000 | 73,53,018 | 70,04,929 | 95.27 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 15,66,077 | 23,20,000 | 38,86,077 | 29,92,309 | 77.00 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 11,64,563 | 19,95,825 | 31,60,388 | 31,24,930 | 98.88 |
| പെർഫോമൻസ് ഗ്രാന്റ് | 17,18,000 | 0 | 17,18,000 | 7,76,516 | 45.20 |
| എം.എൻ.ആർ.ഇ.ജി.എസ്. | 12,185 | 70,62,582 | 70,74,767 | 70,74,435 | |
| ബി ഫണ്ട് | 0 | 1,53,42,330 | 1,53,42,330 | 1,53,42,330 | |

14-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ ആദ്യ വിഹിതം മുൻവർഷങ്ങളിലേതുപോലെ രസീത് ചെയ്താണ് എടുത്തത്. മേൽ അലോട്ട്മെന്റ് ഉൾപ്പെടെ 30.10.2015ലെ നീക്കിയിരിപ്പ് വികസന ഫണ്ട്-പൊതു വിഭാഗത്തിലേക്ക് മാറ്റുകയും പിന്നീട് നീക്കിയിരിപ്പ് തുക അലോട്ട്മെന്റായി ലഭിച്ച ശേഷം റിവേഴ്സ് എൻട്രി നടത്തി കറക്ട് ചെയ്തിട്ടുള്ളതിനാൽ വാർഷിക കണക്കുകളിലെ റസിപ്റ്റ് & പേയ്മെന്റ് പത്രികയിൽ ഒന്നാം വിഹിതം ഇരട്ടിച്ച് വന്നിട്ടുണ്ട്.

30.10.2015ന് എസ്.സി.പി, ടി.എസ്.പി, ധനകാര്യകമ്മീഷൻ ഗ്രാന്റ്, ലോകബാങ്ക് ധനസഹായം അക്കൗണ്ടുകളിൽ ഉണ്ടായിരുന്ന നീക്കിയിരുപ്പ് തുക 41,95,596.00 (998645.00+83401.00+1395550.00+1718000.00) വികസനഫണ്ട്-പൊതുവിഭാഗത്തിലേക്ക് വകയിരുത്തി. മേൽ അക്കൗണ്ടിലെ നീക്കിയിരുപ്പ് തുക തീരുന്നതുവരെ വികസന ഫണ്ട് പൊതുവിഭാഗത്തിന്റെ ചെലവ് ചെയ്യുകയും ചെയ്തു.

വികസനഫണ്ട്-പൊതുവിഭാഗത്തിന്റെ ബജറ്റ് വിഹിതം 5146000/- ആയിരുന്നുവെങ്കിലും 2014-15 ൽ പതിമൂന്നാം

ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ അധികം ലഭിച്ച വിഹിതം 764314/- കുറവ് ചെയ്ത തുകയാണ് (4381866.00) 2015-16ൽ ലഭിച്ചത്.

വികസനഫണ്ട് -പൊതുവിഭാഗത്തിൽ 2015-16 വർഷം അധിക ഗ്രാന്റായി 464937/- രൂപ ലഭിച്ചിട്ടുണ്ട്.

വികസനഫണ്ട് -പൊതുവിഭാഗത്തിൽ 2015-16 വർഷം പബ്ലിക്ക് അക്കൗണ്ടിൽ ചെലവഴിക്കാതെ അവശേഷിച്ച 110072/- രൂപ ലാപ്സായി.

വി.പി എഫ് എ III-റോഡ് സംരക്ഷണ ഗ്രാന്റ് മുന്നിരിപ്പ് തുക തീർന്നിരുന്നതിനാലും ബിൽ ഹാജരാക്കിയ വേളയിൽ അലോട്ടമെന്റ് ലഭിച്ചിട്ടില്ലായിരുന്നതിനാലും റോഡിതര സംരക്ഷണ ഗ്രാന്റിൽ നിന്നും 3,90,851/- വകമാറ്റി ചെലവഴിച്ചിട്ടുണ്ട്.

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 130 | 3,51,76,855.00 | 112 | 2,46,39,833.00 | - | 18 | 86 |

അംഗീകാരം ലഭിച്ച പ്രോജക്ടുകളിൽ 90 ശതമാനവും നടപ്പാക്കുന്നതിന് പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. ഉൽപാദന മേഖലയുടെ ഉന്നമനത്തിന് കൂടുതൽ പ്രോജക്ടുകൾ നടത്തുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്. പൊതുവിഭാത്തിൽ ആവിഷ്കരിച്ച 120 പ്രോജക്ടുകളിൽ 104 പ്രോജക്ടുകളും (87ശതമാനം) നടപ്പാക്കിയിട്ടുണ്ട്. ജവഹർഭവനപദ്ധതിക്കായി ₹26,00,000 അടങ്കലിൽ വായ്പാബന്ധിതമായി പ്രോജക്ട് ആവിഷ്കരിച്ചുവെങ്കിലും വായ്പ അനുവദിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ലാത്തതിനാൽ പ്രോജക്ട് നടപ്പാക്കിയില്ല.

പട്ടികജാതി വിഭാഗത്തിൽ ആവിഷ്കരിച്ച 8 പ്രോജക്ടുകളിൽ 7 പ്രോജക്ടുകൾ നടപ്പാക്കി. ലഭ്യമായ തുകയുടെ 76 ശതമാനം ചെലവഴിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിൽ ആവിഷ്കരിച്ച 2 പ്രോജക്ടുകളിൽ 1 പ്രോജക്ട് നടപ്പാക്കി. ലഭ്യമായ തുകയുടെ 55 ശതമാനം മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമത്തിനായി പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ആവിഷ്കരിച്ച പ്രോജക്ടുകളിൽ 87 ശതമാനവും നടപ്പാക്കിയിട്ടുണ്ടെങ്കിലും അടങ്കൽ തുകയുടെ 70 ശതമാനം മാത്രമാണ് ചെലവഴിച്ചത്. വികസന ഫണ്ട് പൊതുവിഭാഗത്തിൽ ലഭ്യമായ ഫണ്ടിന്റെ 57 ശതമാനം മാത്രമാണ് ചെലവഴിച്ചത്.

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 18.11 ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| നികുതി വരവുകൾ | 3119772 | 2638740 | (-) 481032 | (-) 15.42 |
| നികുതിയേതര വരവുകൾ | 410401 | 251675 | (-) 158726 | (-) 38.68 |
| മറ്റുവരവുകൾ | 0 | 498 | 498 | |
| ആകെ | 3530173 | 2890913 | (-) 639260 | (-) 18.11 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1,26,360 | 63 |
| വാർദ്ധ്യക്യകാല പെൻഷൻ | 59,54,700 | 1868 |
| കർഷക തൊഴിലാളി പെൻഷൻ | 36,66,000 | 697 |
| വിധവ പെൻഷൻ | 36,50,880 | 667 |
| 50 വയസിന് മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾ | 2,44,080 | 29 |
| വികലാംഗ പെൻഷൻ | 15,28,490 | 300 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 04.01.2017 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹430/- (നാനൂറ്റി മുപ്പത് രൂപ മാത്രം) ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

പഞ്ചായത്തിലെ പ്രധാന രജിസ്റ്ററുകളെല്ലാം തൃപ്തികരമായ രീതിയിൽ പരിപാലിക്കുന്നുണ്ട്. സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നുണ്ടെങ്കിലും സാമ്പത്തിക വർഷാവസാനത്തിൽ സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി സാക്ഷ്യപത്രം രേഖപ്പെടുത്തുന്നില്ല. ഫ്രണ്ട് ഓഫീസ് കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ആസ്തി രജിസ്റ്റർ ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തി പരിപാലിക്കുന്നില്ല. പഞ്ചായത്ത് കമ്മറ്റി, ഗ്രാമസഭ യോഗങ്ങൾ, സ്റ്റാന്റിംഗ് കമ്മറ്റി യോഗങ്ങൾ എന്നിവയുടെ മിനിട്സ് എഴുതി സൂക്ഷിക്കുന്നുണ്ട്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16.12.2016-17.12.2016 | 2016 നവംബർ | 09/2016 ലെ റിപ്പോർട്ട് 14.12.2016 ൽ ലഭിച്ചു. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 14.8.2009-27.8.2009 | 2008-09 വരെ | 08.10.2009 |

## 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

1. നാളിതുവരെ സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ വാല്യുവേഷൻ നടത്തി ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടില്ലാത്തതിനാൽ വാർഷിക കണക്കുകളിലെ തുകകളുടെ കൃത്യത വ്യക്തമല്ല.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തു നികുതി പിരിച്ചെടുക്കാത്തത് സംബന്ധിച്ച്

എ) നിയമാനുസൃതമായി നമ്പറിട്ട് നൽകിയ കെട്ടിടങ്ങളിൽ നിന്നും കെട്ടിട നികുതി ഇടാക്കിയിട്ടില്ല.

പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന നൂറുൽ ഇസ്ലാം ട്രസ്റ്റിന്റെ ഉടമസ്ഥതയിലുള്ളതും 2014-15 വർഷം വരെയുള്ള നികുതി ഈടാക്കിയിട്ടുള്ളതുമായ താഴെ പറയുന്ന കെട്ടിടങ്ങളുടെ 2015-16 വർഷത്തെ നികുതി ഈടാക്കിയിട്ടില്ല. നിയമാനുസൃത സമയപരിധിയായ 31.03.2016-ന് മുമ്പ് നികുതി ഒടുക്കാതിരുന്നിട്ടും 15.12.2016-ൽ മാത്രമാണ് കെട്ടിട ഉടമയ്ക്ക് ഡിമാന്റ് നോട്ടീസ് നൽകിയത്. തുടർന്ന് പ്രോസിക്യൂഷൻ നടപടികളൊന്നും കൈക്കൊണ്ടിട്ടില്ല. ഈടാക്കാൻ അവശേഷിക്കുന്ന നികുതിയുടെ വിവരം ചുവടെ ചേർക്കുന്നു.

| വാർഡ് നം | കെട്ടിട നം | ഡിമാന്റ് ചെയ്ത തുക |
|---|---|---|
| VII | 133-A | 9,557/- |
| VII | 133-B | 9,557/- |
| VII | 133-C | 7,140/- |
| VII | 133-D | 3,254/- |
| VII | 133-E | 3,285/- |
| ആകെ | | 32,793/- |

ഈടാക്കുവാൻ അവശേഷിക്കുന്ന തുക ₹32,793/- നികുതി ഈടാക്കുന്നതിൽ വീഴ്ച വരുത്തിയ ഉത്തരവാദിയായ

സെക്രട്ടറി, സെക്ഷൻ ക്ലർക്ക് എന്നിവരിൽ നിന്നും ഈടാക്കേണ്ടതാണ്.

ബി). <u>അനധികൃത കെട്ടിടങ്ങൾക്ക് നമ്പരിട്ട് നൽകി നികുതി ഡിമാന്റ് ചെയ്തിരുന്നുവെങ്കിലും കെട്ടിട നികുതി ഇടാക്കിയിട്ടില്ല</u>

പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന നൂറുൽ ഇസ്ലാം ട്രസ്റ്റിന്റെ താഴെ പറയുന്ന കെട്ടിടങ്ങൾക്ക് അനധികൃത നമ്പരിട്ട് നൽകിയ ശേഷം കെട്ടിട നികുതി ഡിമാന്റ് ചെയ്തിരുന്നുവെങ്കിലും 2013-2014 വർഷം മുതൽ 2015-16 വർഷം വരെയുള്ള നികുതി ഇടാക്കിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു. പഞ്ചായത്ത് ഡിമാന്റ് ചെയ്തിരിക്കുന്ന തുകയാണ്(ലൈബ്രറി സെസ് ഒഴികെ) ഉൾപ്പെടുത്തിയിരിക്കുന്നത്.

| കെട്ടിടത്തിന്റെ വിവരം | വാർഡ് നമ്പർ/ U.A നമ്പർ | ചുമത്തിയ വസ്തു നികുതി | കെട്ടിടത്തിനറെ വിസ്തീർണ്ണം എം 2 |
|---|---|---|---|
| ലോ കോളേജ് | VII/133-F | 36942 | 3040.42 |
| ക്യാന്റീൻ | VII/133-G | 13899 | 1143.88 |
| സബ് സ്റ്റേഷൻ | VII/133-H | 69321 | 380.36 |
| പ്രിൻസിപ്പാൾ ക്വോർട്ടേഴ്സ് | VII/133-I | 3615 | 200.83 |
| പോളിടെക്ക്നിക്ക് കോളേജ് | VII/133-J | 35850 | 2950.51 |
| ന്യൂ ഡെന്റൽ കോളേജ് | VII/133-K | 117555 | 9675.20 |
| ന്യൂ സ്റ്റാഫ് ക്വോർട്ടേഴ്സ് | VII/133-L | 10449 | 515.86 |
| പഴയ സ്റ്റാഫ് ക്വോർട്ടേഴ്സ് | VII/133-M | 11832 | 584.19 |
| പി.ജി ബ്ലോക്ക് | VII/133-N | 36693 | 3020 |
| ബോയ്സ് ഹോസ്റ്റൽ | VII/133-O | 44307 | 2188 |
| ഹയർ സെക്കണ്ടറി സ്കൂൾ ബിൽഡിംഗ് | VII/133-P | 38832 | 3195.84 |
| ഹോസ്പ്പിറ്റൽ | XII/279-B | 3,92,088 | 30045 |
| മെഡിക്കൽ കോളേജ് | XII/279-C | 1,28,034 | 9811 |
| ബോയ്സ് ഹോസ്റ്റൽ | XII/279-D | 1,33,044 | 6570 |
| ഗേൾസ് ഹോസ്റ്റൽ | XII/279-E | 62,067 | 3065 |
| സ്റ്റാഫ് ക്വാർട്ടേഴ്സ് | XII/279-F | 27318 | 1349 |
| | ആകെ | 1161846 | |

2013-14 വർഷം മുതൽ 2015-16 വരെ ഈടാക്കേണ്ട നികുതി തുകകളുടെ വിവരം ചുവടെ ചേർക്കുന്നു.(പഞ്ചായത്ത് അധികൃതർ നൽകിയ വിവരങ്ങളുടെ അടിസ്ഥാനത്തിലുള്ളത്)

| U.A നമ്പർ/വാർഡ് നബർ | നികുതി തുക 2013-14 മുതൽ 2015-16 വരെ |
|---|---|
| 133-F/VII | 1,10,826 |
| 133-G/VII | 41697 |
| 133-H/VII | 2,07,963 |

| | |
|---|---|
| 133-I/VII | 10845 |
| 133-J/VII | 1,07,550 |
| 133-K/VII | 3,52,665 |
| 133-L/VII | 31347 |
| 133-M/VII | 35496 |
| 133-N/VII | 1,10,079 |
| 133-O/VII | 132921 |
| 133-P/VII | 116496 |
| 279-B/XIII | 1176264 |
| 279-C/XIII | 384102 |
| 279-D/XIII | 399132 |
| 279-E/XIII | 186201 |
| 279-F/XIII | 81954 |
| ആകെ | 34,85,538 |

നികുതി കാലഹരണപ്പെട്ട് പോകാതെ കൃത്യമായി നിർണ്ണയിച്ച് പിഴ പലിശ സഹിതം ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-2 വസ്തു നികുതി പിരിച്ചെടുക്കുന്നതിൽ വീഴ്ച

ഗ്രാമപഞ്ചായത്തിന്റെ പ്രധാന തനത് നികുതി വരുമാന സ്രോതസായ വസ്തുനികുതി കാലഹരണപ്പെട്ട് പോകാതെ കൃത്യമായി പിരിച്ചെടുക്കുന്നതിൽ വീഴ്ച ഉണ്ടായിട്ടുണ്ട്. വാർഷിക കണക്കുകൾ പ്രകാരം വസ്തു നികുതി തൻവർഷ ഡിമാന്റ് ₹27,59,153/-ഉം കുടിശ്ശിക ഡിമാന്റ് ₹15,93,561/-ഉം ആയിരുന്നതിൽ യഥാക്രമം 7,56,306/-ഉം 4,45,104/-ഉം മാത്രമാണ് 2015-16 ലെ പിരിവ്. വാർഷികകണക്കുകൾ പ്രകാരമുള്ള തൻവർഷ വസ്തുനികുതി ഡിമാന്റിന്റെ 27.41 ശതമാനവും കുടിശിക ഡിമാന്റിന്റെ 27.93 ശതമാനവും മാത്രമാണ് പിരിച്ചെടുത്തിട്ടുള്ളത്. ഗ്രാമപഞ്ചായത്തിന്റെ ദൈനദിന ആവശ്യങ്ങൾക്കും തനത് വരുമാനം ഉപയോഗിച്ച് ആവിഷ്കരിക്കുന്ന വികസന പ്രവർത്തനങ്ങൾക്കും ഭംഗം വരുന്നതിന് നികുതി പിരിവിലെ കുറവ് ഇടയാക്കും. കൂടാതെ, നികുതി പിരിവിന്റെ കാര്യക്ഷമതയെ അടിസ്ഥാനപ്പെടുത്തി സർക്കാരിൽ നിന്നും ധനകാര്യ കമ്മീഷനിൽ നിന്നും ലഭിക്കേണ്ട ഗ്രാന്റുകൾ ലാപ്സായിപ്പോകുന്നതിനും ഇടയാക്കും. വസ്തുനികുതി പിരിച്ചെടുക്കുന്നതിന് കാര്യക്ഷമമായ ഇടപെടൽ ഭരണസമതിയുടെയും ജീവനക്കാരുടെയും ഭാഗത്തു നിന്ന് ഉണ്ടാവേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വാട്ടർ അതോറിറ്റിയ്ക്ക് പഞ്ചായത്ത്സ്ഥലം വാങ്ങി നല്കിയത്

| | |
|---|---|
| പദ്ധതി, നമ്പർ | വാട്ടർ അതോറിറ്റി- കുടിവെള്ള പദ്ധതിക്ക് സ്ഥലം വാങ്ങൽ -S0 119/16 - |

| | |
|---|---|
| ചെലവ് | ₹299750/- |
| വൗച്ചർ നമ്പർ | 21500926/തീയതി 31.3.2016 |
| ഫണ്ട് | വികസന ഫണ്ട് |

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ മേൽ പദ്ധതി പ്രകാരം കുമാരമംഗലം പഞ്ചായത്തിൽ കേരളവാട്ടർ അതോറിറ്റി നടപ്പാക്കുന്ന കുടിവെള്ള പദ്ധതിയ്ക്കാവശ്യമായ സ്ഥലം വാങ്ങി നല്കിയിട്ടുണ്ട്. വികസനഫണ്ട് ഉപയോഗിച്ച് മറ്റ് വകുപ്പുകളുടെ ചുമതലയിലിരിക്കുന്ന പദ്ധതികൾക്കു വേണ്ടി സ്ഥലം വാങ്ങി നല്കുന്നതിന് സ.ഉ(എം.എസ്) നം 362/2013 തീ16.11.2013പ്രകാരമുള്ള പദ്ധതിമാർഗ്ഗരേഖയിൽ പ്രത്യേക നിർദ്ദേശങ്ങൾ ഇല്ലാത്ത സാഹചര്യത്തിൽ പദ്ധതി നടപ്പാക്കുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. എന്നാൽ പഞ്ചായത്ത് സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങാതെയാണ് പ്രസ്തുത പദ്ധതി നടപ്പാക്കിയിരിക്കുന്നത്. കുമാരമംഗലം പഞ്ചായത്തിന്റെ എല്ലാ മേഖലകളിലും കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി 10 കോടി രൂപ അടങ്കൽ വച്ച് വാട്ടർ അതോറിറ്റി വിഭാവനം ചെയ്തിരിക്കുന്ന ഈ പ്രോജക്ട് നടപ്പിലാക്കുന്നതിന് സ്ഥലം വാങ്ങി നൽകുവാൻ വാട്ടർ അതോറിറ്റി പഞ്ചായത്തിനോട് ആവശ്യപ്പെട്ടിട്ടില്ല. പ്രോജക്ട് റിപ്പോർട്ട് പ്രകാരം ഈ പദ്ധതിയുടെ നടത്തിപ്പും ചുമതലയും പൂർണ്ണമായും വാട്ടർ അതോറിറ്റിയിൽ നിക്ഷിപ്തമാണ്. സ്ഥലംവാങ്ങിനല്കുന്നത് സംബന്ധിച്ച് വാട്ടർ അതോറിറ്റിയുമായി പഞ്ചായത്ത് കരാറിൽ ഏർപ്പെട്ടിട്ടില്ല.സ്ഥലം വാങ്ങുന്നതിനായി ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടില്ല. മറ്റുവകുപ്പുകൾ നടപ്പാക്കുന്ന പദ്ധതിയ്ക്ക് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള ചെലവ് പഞ്ചായത്ത് വഹിക്കുന്നത് നിയമാനുസൃതമല്ലാത്തതിനാൽ ഈയിനത്തിൽ ചെലവഴിച്ച ₹299750/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ഇടുക്കി സബ്കളക്ടറുടെ 16.1.2012ലെ ബി 5-3854/12 ലെ ഉത്തരവു പ്രകാരം, വാട്ടർ അതോറിറ്റി നടപ്പാക്കുന്ന പദ്ധതിക്ക് 60സെന്റ് സർക്കാർ സ്ഥലം പാട്ടത്തിനു നല്കിയിട്ടുണ്ട്. നിർവ്വഹണ ഏജൻസിയായ വാട്ടർ അതോറിറ്റി നേരിട്ട് സർക്കാരിൽ നിന്നും ഭൂമി ഏറ്റെടുക്കാതെ പഞ്ചായത്ത് ഭൂമി ഏറ്റെടുക്കുവാനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതാണ്.

## 3-2 കുടുംബശ്രീ യൂണിറ്റിന് ഫോട്ടോസ്റ്റാറ്റ് മെഷീൻ വാങ്ങി നല്കിയത്

| | |
|---|---|
| പദ്ധതി നമ്പർ | S0 094/16 |
| ചെലവ് | ₹73290/- |
| ബിൽ നം | 17/15-16 തി.29.12.16 |
| വൗച്ചർ നമ്പർ | 21500652/തീയതി 29.12.2015 |
| ഫണ്ട് | വികസനഫണ്ട് |

പഞ്ചായത്ത് 2015-16 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി കുടുംബശ്രീ യൂണിറ്റിന് ഫോട്ടോസ്റ്റാറ്റ് മെഷീൻ ടെൺണ്ടർ മുഖാന്തിരം സെർവൈറ്റ് സിസ്റ്റംസ് കൊച്ചി എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങി നല്കിയിട്ടുണ്ട് (പഞ്ചായത്ത്

കമ്മിറ്റിയുടെ 29.09.15 ലെ തീരുമാനം). കുടുംബശ്രീ യൂണിറ്റ് പഞ്ചായത്തിന്റെ അനുബന്ധ സ്ഥാപനം അല്ലാത്തതിനാൽ ഫോട്ടോസ്റ്റാറ്റ് മെഷീൻ വാങ്ങി നല്കിയ നടപടി അനുചിതമാണ്. ആയതിനാൽ 73290/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-3 ഹോമിയോ ഡിസ്പൻസറിക്ക് മരുന്ന് വാങ്ങൽ -തുക കൈമാറി നാളുകൾ കഴിഞ്ഞിട്ടും വിതരണ ഏജൻസി ഔഷധങ്ങൾ ലഭ്യമാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്ത് തൻവർഷത്തെ പദ്ധതിയിലുൾപ്പെടുത്തി ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങുന്നതിനു ഹോംകോ ആലപ്പുഴക്ക് 1,30,000/-രൂപ കൈമാറിയെങ്കിലും നാളിതുവരെ പ്രസ്തുത ഔഷധങ്ങൾ വിതരണം ചെയ്തിട്ടില്ല.

| നിർവഹണ ഉദ്യോഗസ്ഥൻ, പ്രോജക്ട് നം, പേര് | നിർവഹണഏജൻസി | കൈമാറിയ തുക | ഡിഡി.നം.തീയതി | വിതരണം ചെയ്ത മരുന്നുകളുടെ മൂല്യം | ക്രമീകരിക്കാൻ ശേഷിക്കുന്ന തുക |
|---|---|---|---|---|---|
| ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ | ഹോംകോ, ആലപ്പുഴ | 1,30,000 | 407490 20.02.2016 | മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല. | 1,30,000 |

ഔഷധങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഔഷധങ്ങൾ ലഭ്യമാകുന്നതുവരെയും ഇതിന്റെ ചെലവ് തുകയായ 130000/-രൂപ തടസ്സപ്പെടുത്തുന്നു.

## 3-4 വിനിയോഗ സാക്ഷ്യപത്രങ്ങൾ ഹാജരാക്കിയില്ല.ചെലവ് - തടസ്സം 65000/-

| ക്രമ നം | പദ്ധതി നം./പദ്ധതി | ബിൽ നം തി. | തുക | ഡി.ഡി നം/തി. | തുക അടവാക്കിയ സ്ഥാപനം | നിർവ്വഹണ ഉദ്യോഗസ്ഥൻ | തടസ്സ കാരണം |
|---|---|---|---|---|---|---|---|
| 1 | S0157//2016 ഐ.എ.വൈ. (ടി.എസ്.പി.) | 4/15-16 തീയതി 13-4-2016 | 65000 | 410826 തീയതി 13-04-2016 | തൊടുപുഴ ബ്ലോക്ക് പഞ്ചായത്ത് | സെക്രട്ടറി | വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല |
| | | ആകെ | 65,000 | | | | |

തുക അടവാക്കിയ സ്ഥാപനത്തിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കി ₹65,000/-യുടെ ചെലവ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-5 ചെലവ് തടസ്സപ്പെടുത്തുന്നു

താഴെ പറയുന്ന വിവിധ ചെലവുകൾക്ക് ഉപോൽബലകമായ രേഖകൾ ഹാജരാക്കാത്തതിനാൽ ₹85354/-ചെലവ് തടസ്സപ്പെടുത്തുന്നു.

| ക്രമ നമ്പർ | വൗച്ചർ നമ്പർ / തിയതി | തുക | ചെലവിനം | തടസ്സകാരണം |
|---|---|---|---|---|
| 1 | 211500176/16.06.2015 | 29600 | വിവിധ ഗ്രാമകേന്ദ്രങ്ങളിൽ ബോർഡ് | ക്വട്ടേഷൻ |

| | | | | |
|---|---|---|---|---|
| | | | സ്ഥാപിച്ചതിന് സിറ്റി അഡ്വർടൈസേഴ്സിന് നൽകിയത് | ഹാജരാക്കിയില്ല |
| 2 | 21500891/29.03..2016 | 10000 | ശ്രീ.ബിനു ഗോപാലൻ(ഡ്രൈവർ)ന്റെ ഓണം അഡ്വാൻസ് ചക്കുപള്ളം ഗ്രാമപഞ്ചായത്തിലേക്ക് ഒടുക്കിയത് | രസീത് ഹാജരാക്കിയില്ല |
| 3 | 21500072/05.05.2015 | 45754 | സെക്രട്ടറിയുടെ (എം.എൻ.സുരേഷ് )ലീവ് സറണ്ടർ മാറിയത് | അനുമതി ഉത്തരവ് ഹാജരാക്കിയില്ല |
| | ആകെ | 85354 | | |

## 3-6 വെള്ളക്കരം ഒടുക്കൽ --സംയുക്തപരിശോധന നടത്തുന്നില്ല

തൻവർഷം ഗ്രാമപഞ്ചായത്തിൽ വെള്ളക്കരം ഇനത്തിൽ 129 ടാപ്പുകൾക്ക് 4/15 മുതൽ 3/16വരെ ₹56438/- നിരക്കിൽ ₹677256/-ഒടുക്കിവരുന്നുണ്ട്. ഈ 129 ടാപ്പുകളിൽ എത്രയെണ്ണം പ്രവർത്തിക്കുന്നവ, പ്രവർത്തിക്കാത്തവ തുടങ്ങിയവ രേഖപ്പെടുത്തുന്ന രജിസ്റ്റർ പരിപാലിക്കുന്നില്ല. മാത്രമല്ല, വാട്ടർ അതോറിറ്റിയും ഗ്രാമപഞ്ചായത്തുമായി സംയുക്ത പരിശോധന നടത്തണമെന്ന 28.09.2011 ലെ ജി.ഒ (ആർ.ടി) 2242/2011/ ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം നാളിതുവരെയും സംയുക്തപരിശോധന നടത്തിയിട്ടില്ല. താമസംവിനാ സംയുക്തപരിശോധന നടത്തി വെള്ളക്കരം അധികമായി ഒടുക്കിയിട്ടുണ്ടെങ്കിൽ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-7 തെരുവ് വിളക്കുകൾ സംബന്ധിച്ച് -

വൈദ്യുതി ചാർജ് ഇനത്തിൽ ₹43467/- പ്രതിമാസ നിരക്കിലുള്ള തുക വൈദ്യുതി ബോർഡിലേക്ക് അടയ്ക്കുന്നുണ്ട്. എന്നാൽ ഇനം, ബൾബ്, സോഡിയം വേപ്പർ ലാമ്പ് തുടങ്ങിയവയുടെ എണ്ണം, പ്രവർത്തിക്കുന്നവ,പ്രവർത്തിക്കാത്തവ തുടങ്ങിയ വിശദാംശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള രജിസ്റ്റർ പരിപാലിക്കുന്നില്ല.12.03.2013 ലെ 65529/ഡി.സി13/12 ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളും മീറ്ററിംഗ് സംവിധാനത്തോട്കൂടിയ ഓട്ടോമാറ്റിക് തെരുവ് വിളക്കുകൾ സ്ഥാപിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും ആയത് നടപ്പിലാക്കിയിട്ടില്ല. മീറ്റർ സ്ഥാപിക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-8 മീഡിയാശ്രീക്ക് തുക നൽകിയത് പദ്ധതി പൂർത്തീകരിച്ചിട്ടില്ല. ₹65000/- ന്റെ ചെലവ് തടസ്സം

| | |
|---|---|
| പ്രോജക്റ്റ് നം | SO 126/16 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| ബിൽ നം | 02/ 24.08.16 |
| ഡി.ഡി. നം | 397058തി.11.06.15തുക 20,000 |

| | |
|---|---|
| | 834970തി.26.10.15തുക 45,000 |

ഗ്രാമപഞ്ചായത്തിന്റെ സംസ്കാരവും ചരിത്രവും വർത്തമാനവും പദ്ധതികളും നിലവിലെ ഭരണസമിതിയുടെ നേട്ടവും ഡോക്യുമെന്ററി ചിത്രങ്ങളായി പുറത്തിറക്കുന്നതിന്റെ പ്രവർത്തനങ്ങളുടെ ആവശ്യങ്ങൾക്കായി തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 15.12.2014ലെ സ.ഉ(സാധാ) 3206/2014ലെ നിർദ്ദേശാനുസരണം ₹65000/-മീഡിയാശ്രീക്ക് നല്കുന്നതിനായി ഇടുക്കി ജില്ലാ കുടുംബശ്രീ മിഷന് നൽകിയിട്ടുണ്ട്. മീഡിയാശ്രീയുടെ കൈപ്പറ്റ് രസീത് ഹാജരാക്കിയിട്ടില്ല. പദ്ധതി പൂർത്തീകരിച്ച് ഡോക്യുമെന്ററി പുറത്തിറക്കിയിട്ടില്ല. ആയതിനാൽ ₹65000/- ന്റെ ചെലവ് തടസ്സം ചെയ്യുന്നു. ഡോക്യുമെന്ററി അടങ്ങിയ സി.ഡി, പൂർത്തീകരണ സാക്ഷ്യപത്രം, വാല്യുവേഷൻ സാക്ഷ്യപത്രം എന്നിവ ഹാജരാക്കേണ്ടതാണ്.

## 3-9 ഡെപ്പോസിറ്റ് വർക്ക് നാളിതുവരെ പൂർത്തീകരിച്ചില്ല.

| | |
|---|---|
| പദ്ധതി/നം. | 36/പെരുമാങ്കണ്ടം ഈസ്റ്റ് കലൂർ മയിലാടും ചിറ പൈപ്പ് ലൈൻ മെയിന്റനൻസ് |
| ഫണ്ട് | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| ചെലവ് | ₹.1,00,000/-ബിൽ നം. 23/15-16 തി.22.9.2015<br>(ഡി.ഡി.നം.833706/ തി.22.9.2015) |

മേൽ പദ്ധതിയുടെ നടത്തിപ്പിനായി ഒരു ലക്ഷം രൂപ തൊടുപുഴയിലുള്ള കേരള വാട്ടർ അതോറിട്ടി എക്സിക്യൂട്ടീവ് എഞ്ചിനിയർക്ക് നല്കുന്നതിനായി പിൻവലിച്ചിട്ടുണ്ട്(ഡി.ഡി.നം.833706 തി.22.9.2015). കൈപ്പറ്റ് രസീത് പരിശോധനയ്ക്ക് ഹാജരാക്കിയില്ല. മേൽ പദ്ധതി നാളിതുവരെയും പൂർത്തീകരിച്ചിട്ടില്ല. മാത്രമല്ല ഇപ്രകാരം പഞ്ചാ യത്തിന്റെ ഉടമസ്ഥതയിൽ ഒരു കുടിവെള്ള പദ്ധതി ഉള്ളതായി ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തൽ ഇല്ല. മേൽ കാരണങ്ങളാൽ ₹.1,00,000/ യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ നം./ചെക്ക് നം. | മുൻകൂർ നൽകിയ തുക ₹ | ചെലവഴിച്ച തുക ₹ | ചെലവഴിക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി, തൊടുപുഴ | പെരുമാങ്കണ്ടം ഈസ്റ്റ് കലൂർ മയിലാടുംചിറ പൈപ്പ് ലൈൻ മെയിന്റനൻസ് | ഡി.ഡി.833706/ 22.09.2015 | 100000/- | ഇല്ല | 100000/- |

| | | | | | |
|---|---|---|---|---|---|
| | | | | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 2,13,84,554.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 3,46,21,576.00 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 32793 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 8,18,394.00 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | | |
|---|---|---|---|---|
| 2-1 | ₹32793/- | - | ₹16396.50 | ശ്രീ.എം.സുരേഷ്, സെക്രട്ടറി |
| | | | ₹16396.50 | ശ്രീ.എം.ആർ.രതീഷ് ലാൽ, സീനിയർ ക്ലർക്ക് |

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 299750 | ശ്രീ. എം സുരേഷ്, സെക്രട്ടറി |
| 3-2 | 73290 | ശ്രീ. എം സുരേഷ്, സെക്രട്ടറി |
| 3-3 | 130000 | ഡോ. ബക്കർ, മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| 3-4 | 65000 | ശ്രീ. എം സുരേഷ്, സെക്രട്ടറി |
| 3-5 | 85354 | ശ്രീ. എം സുരേഷ്, സെക്രട്ടറി |
| 3-8 | 65000 | ശ്രീ. എം സുരേഷ്, സെക്രട്ടറി |
| 3-9 | 100000 | ശ്രീ. സജു ആർ, അസിസ്റ്റന്റ് എഞ്ചിനിയർ |
| ആകെ | 818394 | |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.എം.സുരേഷ്, സെക്രട്ടറി | സെക്രട്ടറി, കരിമണ്ണൂർ ഗ്രാമപഞ്ചായത്ത് | മാമ്പിള്ളിൽ വീട് വാളകം പി.ഒ മൂവാറ്റുപുഴ |
| ശ്രീ.എം.ആർ.രതീഷ് | സീനിയർ ക്ലർക്ക്, | ആഗ്ര |

| | | |
|---|---|---|
| ലാൽ<br>സീനിയർ ക്ലർക്ക് | കുമാരമംഗലം ഗ്രാമപഞ്ചായത്ത് | 60-A<br>നാലാഞ്ചിറ പി.ഒ<br>തിരുവനന്തപുരം |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1976-77 | എൽ.എഫ്.ഐ./838/86/01.01.1988 | |
| 1979-80 | എൽ.എഫ്.ഐ./838/86/01.01.1988 | |
| 1980-81 | എൽ.എഫ്.ഐ./838/86/01.01.1988 | |
| 1981-82 | എൽ.എഫ്.ഐ./838/86/01.01.1988 | |
| 1983-84 | എൽ.എഫ്.ഐ./838/86/01.01.1988 | |
| 1996-97 | എൽ.എഫ്.ഐ 6/137/98,13-07-1998 | |
| 1997-98 | എൽ.എഫ്.ഐ7/63/99,30-06-1999 | |
| 1998-99 | എൽ.എഫ്.ഐ 7/218/2000,29-11-2000 | |
| 1999-2000 | എൽ.എഫ്.ഐ 7/365/01,09/11/2001 | |
| 2000-01 | എൽ.എഫ്.ഐ 7/33/03,31-07-2003 | |
| 2001-02 | എൽ.എഫ്.ഐ 7/555/03,06-03-2004 | |
| 2002-03 | എൽ.എഫ്.ഐ 7/408/2004,02-12-2004 | |
| 2003-04 | എൽ.എഫ്.ഐ 7/798/07/31-12-2007 | |
| 2004-05 | എൽ.എഫ്.ഐ 7/805/07,31-12-2007 | |
| 2005-06 | എൽ.എഫ്.ഐ 7/801/2008,09-11-2009 | |
| 2006-07 | എൽ.എഫ്.ഐ 9/801(എ )/08,09-11-2009 | |
| 2007-08 | എൽ.എഫ്.ഐ 9/823/10,07-10-2011 | |
| 2008-09 | എൽ.എഫ്.ഐ 9/924/11,11-05-2012 | |
| 2009-10 | എൽ.എഫ്.ഐ 9/943/11,11-05-2012 | |
| 2010-11 | എൽ.എഫ്.ഐ 9/175/13,07-08-2013 | |
| 2011-12 | എൽ.എഫ്.ഐ 9/1056/05,04.02.2014 | |
| 2012-13<br><br>2013-14 | എൽ.എഫ്.ഐ7/659/2014,31-07-2014/ 11-8-2014 | |

| | | |
|---|---|---|
| 2014-15 | എൽ.എഫ്.ഐ7/1020/2015, 09.10.2015 | |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം 1

### ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ./ഐ.ഡി.കെ.-7/78/2017.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ഇടുക്കി ജില്ലാ ഓഡിറ്റ് കാര്യാലയം

Phone No : 04862 227332
E-mail : doidk.ksad@kerala.gov.in
തീയതി:23.01.2017

1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4, 1994-ലെ പഞ്ചായത്ത് രാജ് നിയമത്തിന്റെ വകുപ്പ് 215, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ഇടുക്കി ജില്ലയിലെ കുമാരമംഗലം ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കുമാരമംഗലം ഗ്രാമപഞ്ചായത്തിന്റെ 2015-2016 ലെ വാർഷിക ധനകാര്യ പത്രിക , വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

## AUDIT CERTIFICATE

No.KSA/IDK-7/78/2017.

Kerala State Audit Department

District Audit Office, Idikki
Dated : 23.01.2017.

Phone No : 04862 227332

E-mail : doidk.ksad@kerala.gov.in

Certified that I have audited the Annual Financial Statement of KUMARAMANGALAM Grama Panchayat in Idukki District for the year ended on 31.03.2016 in accordance with section 4 of the Kerala Local Fund Audit Act 1994, section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller And Auditor General of India for the purpose of audit of accounts of Panchayat Raj Instituitions.

In my opinion, the Financial Statements of KUMARAMANGALAM Gama Panchayat for the 2015-16, except the observations in my audit report properly presents the picture of income and expenditure.

DEPUTY DIRECTOR
IDUKKI